## പതിമൂന്നാം കേരള നിയമസഭ

## ആറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1592 — 14.12.2012 ൽ മറുപടിയ്ക്ക്

### സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതി

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. ജെയിംസ് മാത്യു | | ശ്രീ. കെ.പി. മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും, അച്ചടിയും, സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| **(എ)** സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതി പ്രകാരം ഏതെല്ലാം വിളകൾക്കാണ് ഇൻഷ്വറൻസ് പരിരക്ഷ ലഭ്യമാക്കുന്നത് എന്ന് അറിയിക്കുമോ ; | **(എ)** | സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതി പ്രകാരം കേരളത്തിലെ പ്രധാനപ്പെട്ട 25 കാർഷിക വിളകളായ തെങ്ങ്, വാഴ, റബ്ബർ, കുരുമുളക്, കമുക്, ഏലം, കശുമാവ്, കൈതച്ചക്ക, കാപ്പി, ഇഞ്ചി, തേയില, മരച്ചീനി, മഞ്ഞൾ, കൊക്കോ, നിലക്കടല, എള്ള്, പച്ചക്കറി, ജാതി, ഗ്രാമ്പൂ, വെറ്റില, പയർവർഗ്ഗങ്ങൾ, കിഴങ്ങുവർഗ്ഗങ്ങൾ (ചേന, മധുരക്കിഴങ്ങ്) കരിമ്പ്, പുകയില, നെല്ല്, എന്നിവയ്ക്കാണ് ഇൻഷ്വറൻസ് സംരക്ഷണം ഏർപ്പെടുത്തിയിട്ടുള്ളത്. |
| **(ബി)** പ്രസ്തുത പദ്ധതിയിൽ നിലവിൽ എത്ര കർഷകർ അംഗങ്ങളായി ഉണ്ട്. ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ ; | **(ബി)** | പ്രസ്തുത പദ്ധതിയിൽ നിലവിൽ 22081 കർഷകർ അംഗങ്ങളായി ഉണ്ട്. ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധമായി ചേർത്തിരിക്കുന്നു. |
| **(സി)** പ്രസ്തുത പദ്ധതിയുടെ കോർപ്പസ് ഫണ്ടിന്റെ സംസ്ഥാന വിഹിതം എത്രയാണ്; ഇതിൽ എന്ത് തുക കൈമാറ്റം ചെയ്തു എന്ന് അറിയിക്കുമോ? | **(സി)** | സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതിയുടെ കോർപ്പസ് ഫണ്ടിന്റെ സംസ്ഥാന വിഹിതം 2012-13 ൽ 570 ലക്ഷം രൂപയാണ്. ഇതിൽ ന്യൂറ്റി പതിനൊന്ന് ലക്ഷത്തി ഒമ്പതിനായിരത്തി അഞ്ഞൂറ്റി നാല്പത് രൂപ 2012 നവംബർ മാസം വരെ നഷ്ടപരിഹാരമായി നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

| | ജില്ല | കർഷകരുടെ എണ്ണം |
|---|---|---|
| 1 | തിരുവനന്തപുരം | 1558 |
| 2 | കൊല്ലം | 3098 |
| 3 | ആലപ്പുഴ | 4645 |
| 4 | പത്തനംതിട്ട | 203 |
| 5 | കോട്ടയം | 2469 |
| 6 | ഇടുക്കി | 72 |
| 7 | എറണാകുളം | 38 |
| 8 | തൃശ്ശൂർ | 1184 |
| 9 | പാലക്കാട് | 6151 |
| 10 | കോഴിക്കോട് | 74 |
| 11 | മലപ്പുറം | 624 |
| 12 | വയനാട് | 1231 |
| 13 | കണ്ണൂർ | 724 |
| 14 | കാസർഗോഡ് | 10 |
| | **ആകെ** | **22081** |

സെക്ഷൻ ഓഫീസർ